**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1792** **29-07-2021 - ൽ മറുപടിയ്ക്ക്**

**കേന്ദ്ര ധനസഹായങ്ങളിലുണ്ടായ കുറവ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കാനത്തിൽ ജമീല | | **Shri K N Balagopal**<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കേന്ദ്രത്തിൽ എൻ.ഡി.എ. സർക്കാർ അധികാരത്തിൽ വന്നതു മുതൽ ഫെഡറൽ തത്വപ്രകാരം സംസ്ഥാനത്തിന് ലഭിക്കേണ്ടിയിരുന്ന വിവിധ തലങ്ങളിലുള്ള കേന്ദ്ര ധനസഹായങ്ങളിലുണ്ടായ കുറവ് വർഷം, വിഭാഗം തിരിച്ച് പട്ടികയായി ലഭ്യമാക്കാമോ; | (എ) | കേന്ദ്രത്തിൽ നിന്ന് ലഭിക്കുന്ന പ്രധാന ധനസഹായങ്ങൾ കേന്ദ്ര നികുതി വിഹിതവും ഗ്രാന്റ് ഇൻ എയ്ഡുമാണ്. 1. കേന്ദ്ര നികുതി വിഹിതം (രൂപ കോടിയിൽ) BE Released Shortfall (-) (Union Budget) by GOI Excess (+) 2014-15 8972.51 7926.29 (-) 1046.22 2015-16 13121.77 12690.67 (-) 431.1 2016-17 14282 15225.02 (+)943.02 2017-18 16891.75 16833.08 (-) 58.67 2018-19 19703.01 19038.17 (-) 664.84 2019-20 20228.33 16401.05 (-) 3827.28 2020-21 15236.6 11560.4 (-) 3676.2 2. കേന്ദ്ര സർക്കാരിൽ നിന്നും ലഭിക്കുന്ന ഗ്രാന്റ് ഇൻ എയ്ഡുകൾ (രൂപ കോടിയിൽ) RE Released by Shortfall (-) (State Government) Govt of India Excess (+) 2014-15 9493.87 7507.99 (-) 1985.88 2015-16 9105.28 8921.35 (-) 183.93 2016-17 10790.14 8510.35 (-) 2279.79 2017-18 10822.76 8527.84 (-) 2294.92 2018-19 13971.76 11388.96 (-) 2582.8 2019-20 11127.58 11235.26 (+) 107.68 2020-21 28877.59 * 31049.00 (+) 2171.41 * താല്ക്കാലിക കണക്കുകൾ Note:- ഗ്രാന്റ് ഇൻ എയ്ഡ് വിഭാഗത്തിൽ യൂണിയൻ ബഡ്ജറ്റിൽ statewise allocation ലഭ്യമല്ലാത്തതിനാൽ സംസ്ഥാന ബഡ്ജറ്റ് (RE) അടിസ്ഥാനമാക്കിയാണ് കുറവ് കാണിച്ചിട്ടുള്ളത്. |
| (ബി) | ഏതെല്ലാം കേന്ദ്രാവിഷ്കൃത പദ്ധതികളിലെ സംസ്ഥാന, കേന്ദ്ര വിഹിതത്തിന്റെ അനുപാതങ്ങളിലാണ് കേന്ദ്ര സർക്കാർ മാറ്റം വരുത്തിയതെന്ന് ഉദാഹരണ സഹിതം വിശദമാക്കാമോ; | (ബി) | പതിനാലാം ധനകാര്യ കമ്മീഷന്റെ ശുപാർശ പ്രകാരം, കേന്ദ്ര സർക്കാർ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ ഘടനയിൽ മാറ്റം വരുത്തുകയും ചില പദ്ധതികൾ മറ്റ് പദ്ധതികളുമായി ലയിപ്പിക്കുകയും ചില പ്രധാന പദ്ധതികളെ കേന്ദ്രാവിഷ്കൃത പദ്ധതിയിൽ നിന്നും ഒഴിവാക്കുകയും ചെയ്യുകയുണ്ടായി. കൂടാതെ, 60 ശതമാനത്തിന് മുകളിൽ കേന്ദ്രവിഹിതം ലഭിച്ചിരുന്ന പല പദ്ധതികളുടെയും വിഹിതം കുറച്ച് 60:40 |

| | | | |
|---|---|---|---|
| | | | അനുപാതത്തിലാക്കിയത് പദ്ധതി നടത്തിപ്പിന് സംസ്ഥാനത്തിന് അധിക സാമ്പത്തിക ബാദ്ധ്യത വരുത്തിയിട്ടുണ്ട്. ഇതോടൊപ്പം, കേന്ദ്രസർക്കാർ നീതി ആയോഗ് രൂപീകരിച്ചതിനു ശേഷം മദ്ധ്യപ്രദേശ് മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ രൂപീകരിച്ച സബ്കമ്മിറ്റിയുടെ കേന്ദ്രാവിഷ്കൃത പദ്ധതികളെയും മറ്റ് ബന്ധപ്പെട്ട പദ്ധതികളെയും കുറിച്ചുള്ള റിപ്പോർട്ടിന്റെ വെളിച്ചത്തിൽ ആകെ കേന്ദ്രാവിഷ്കൃത പദ്ധതികൾ 28 എണ്ണമായി കുറയ്ക്കുകയുണ്ടായി. ഇതിൽ 6 എണ്ണം കോർ ഓഫ് ദ കോർ എന്ന ഗണത്തിൽപ്പെടുത്തുകയും 20 എണ്ണം കോർ എന്ന ഗണത്തിൽപ്പെടുത്തുകയും 2 എണ്ണം ഓപ്ഷണൽ എന്ന ഗണത്തിൽപ്പെടുത്തുകയുമാണുണ്ടായത്. കോർ ഓഫ് ദ കോർ ഗണം: ഈ ഗണത്തിൽ ഉൾപ്പെട്ടിട്ടുള്ള പദ്ധതികൾക്ക് മുൻപുണ്ടായിരുന്ന ഫണ്ടിംഗ് രീതി തന്നെയാണ് തുടർന്നും നടപ്പിലാക്കുന്നത്. ഇതിൽ മൊത്തം വിഹിതത്തിന്റെ 90% കേന്ദ്രവും 10% സംസ്ഥാനവും വഹിക്കേണ്ടതാണ്. കോർ ഗണം: ഈ ഗണത്തിൽ ഉൾപ്പെട്ടിട്ടുള്ള പദ്ധതികൾക്ക് 60% കേന്ദ്രവിഹിതവും 40% സംസ്ഥാന വിഹിതവുമായാണ് നിജപ്പെടുത്തിയിട്ടുള്ളത്. ഈ പദ്ധതികളിൽ മുൻപ് 75%, 80% എന്ന രീതിയിൽ കേന്ദ്രവിഹിതം ലഭിക്കുമായിരുന്നു. ഉദാ :- PMKSY, PMAY മുതലായവ. ഓപ്ഷണൽ ഗണം: ഈ ഗണത്തിൽ കേന്ദ്ര-സംസ്ഥാന വിഹിതം 50:50 എന്ന അനുപാതത്തിലാണ്. |
| (സി) | വിവിധ മേഖലകളിൽ ലഭിക്കേണ്ട കേന്ദ്രസഹായം അപ്രായോഗികമായ പുതിയ നിബന്ധനകൾ വച്ച് കേന്ദ്ര സർക്കാർ ക്രമീകരിക്കുകയോ വെട്ടിക്കുറക്കുകയോ ചെയ്യുന്നുണ്ടോ ; ഉദാഹരണങ്ങൾ സഹിതം ചുരുക്കി വിശദമാക്കാമോ? | (സി) | പതിനാലാം ധനകാര്യ കമ്മീഷന്റെ ശുപാർശ പ്രകാരം, കേന്ദ്ര സർക്കാർ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ ഘടനയിൽ മാറ്റം വരുത്തുകയും ചില പദ്ധതികൾ മറ്റു പദ്ധതികളുമായി ലയിപ്പിക്കുകയും ചില പ്രധാന പദ്ധതികളെ കേന്ദ്രാവിഷ്കൃത പദ്ധതിയിൽ നിന്നും ഒഴിവാക്കുകയും ചെയ്യുകയുണ്ടായി. കൂടാതെ, 60 ശതമാനത്തിന് മുകളിൽ കേന്ദ്രവിഹിതം ലഭിച്ചിരുന്ന പല പദ്ധതികളുടെയും വിഹിതം കുറച്ച് 60:40 അനുപാതത്തിലാക്കിയത് പദ്ധതി നടത്തിപ്പിന് സംസ്ഥാനത്തിന് അധിക സാമ്പത്തിക ബാദ്ധ്യത വരുത്തിയിട്ടുണ്ട്. ഇതോടൊപ്പം, കേന്ദ്രസർക്കാർ നീതി ആയോഗ് രൂപീകരിച്ചതിനു ശേഷം മദ്ധ്യപ്രദേശ് മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ രൂപീകരിച്ച സബ്കമ്മിറ്റിയുടെ കേന്ദ്രാവിഷ്കൃത പദ്ധതികളെയും മറ്റ് ബന്ധപ്പെട്ട പദ്ധതികളെയും കുറിച്ചുള്ള റിപ്പോർട്ടിന്റെ വെളിച്ചത്തിൽ ആകെ കേന്ദ്രാവിഷ്കൃത പദ്ധതികൾ 28 എണ്ണമായി കുറയ്ക്കുകയുണ്ടായി. ഇതിൽ 6 എണ്ണം കോർ ഓഫ് ദ കോർ എന്ന ഗണത്തിൽപ്പെടുത്തുകയും 20 എണ്ണം കോർ എന്ന |

| | | | |
|---|---|---|---|
| | | | ഗണത്തിൽപ്പെടുത്തുകയും 2 എണ്ണം ഓപ്ഷണൽ എന്ന ഗണത്തിൽപ്പെടുത്തുകയുമാണുണ്ടായത്. കോർ ഓഫ് ദ കോർ ഗണം: ഈ ഗണത്തിൽ ഉൾപ്പെട്ടിട്ടുള്ള പദ്ധതികൾക്ക് മുൻപുണ്ടായിരുന്ന ഫണ്ടിംഗ് രീതി തന്നെയാണ് തുടർന്നും നടപ്പിലാക്കുന്നത്. ഇതിൽ മൊത്തം വിഹിതത്തിന്റെ 90% കേന്ദ്രവും 10% സംസ്ഥാനവും വഹിക്കേണ്ടതാണ്. കോർ ഗണം: ഈ ഗണത്തിൽ ഉൾപ്പെട്ടിട്ടുള്ള പദ്ധതികൾക്ക് 60% കേന്ദ്രവിഹിതവും 40% സംസ്ഥാന വിഹിതവുമായാണ് നിജപ്പെടുത്തിയിട്ടുള്ളത്. ഈ പദ്ധതികളിൽ മുൻപ് 75%, 80% എന്ന രീതിയിൽ കേന്ദ്രവിഹിതം ലഭിക്കുമായിരുന്നു. ഉദാ :- PMKSY, PMAY മുതലായവ. ഓപ്ഷണൽ ഗണം: ഈ ഗണത്തിൽ കേന്ദ്ര-സംസ്ഥാന വിഹിതം 50:50 എന്ന അനുപാതത്തിലാണ്. |

സെക്ഷൻ ഓഫീസർ